# <u>വനിതകളുടെ  സംവിധാനത്തിൽ സിനിമ നിർമ്മിക്കുന്ന തിന് അപേക്ഷ ക്ഷണിക്കുന്നു.</u>

സംസ്ഥാന സർക്കാരിന്റെ വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗ മായി വനിതാ സംവിധായകരുടെ 2 ഫീച്ചർ ഫിലിമുകൾ കെ.എസ്.എഫ്. ഡി.സി.യുടെ നേതൃത്വത്തിൽ നിർമ്മിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. ഇതിന്റെ ആകെ ചെലവിനായി  സംസ്ഥാന സർക്കാർ 3 കോടി രൂപ വക യിരുത്തിയിട്ടുണ്ട്. മലയാള സിനിമാ നിർമ്മാണത്തിനുള്ള തിരക്കഥയും, ബഡ്ജറ്റും, നടീനടന്മാരുടെയും ചിത്രത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശി ക്കുന്ന സാങ്കേതിക വിദഗ്ദ്ധരുടേയും  വിശദവിവരങ്ങൾ, സംവിധായ കയുടെ  വിശദമായ ബയോഡാറ്റ എന്നിവ  സഹിതമാണ് സമർപ്പിക്കേണ്ട ത്. ഇങ്ങനെ ലഭിക്കുന്ന സംവിധായകരുടെ അപേക്ഷ ബോർഡിന്റെ സബ്കമ്മിറ്റി പരിശോധിച്ച് ഉചിതമായവരെ കെ.എസ്.എഫ്.ഡി.സി. ഡയറ ക്ടർ ബോർഡ് അംഗങ്ങൾ കൂടിക്കാഴ്ചക്കു ക്ഷണിക്കുന്നതും,  അതിൽ സെലക്ഷൻ ലഭിക്കുന്നവരെ സ്റ്റോറിബോർഡ് ഉൾപ്പെടെ ഇന്റർവ്യൂ ബോർഡ് വിശകലനം ചെയ്ത്  ഉചിതമെന്ന് തോന്നുന്ന വനിതാ സംവിധാ യകരെ സെലക്റ്റ് ചെയ്യുന്നതാണ്. ഒരു സിനിമ നിർമ്മിക്കുന്നതിന് എല്ലാ ചെലവുകൾക്കുമായി (ചിത്രത്തിന്റെ വിതരണം, മാർക്കറ്റിംഗും ഉൾപ്പെടെ) ഒരു കോടി അമ്പതു ലക്ഷം രൂപയാണ് പരമാവധി നല്കുന്നത്. മലയാള സിനിമാ നിർമ്മാണത്തിനുള്ള തിരക്കഥയും, ബഡ്ജറ്റും, ചിത്രത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന നടീനടന്മാരുടെയും സാങ്കേതിക വിദഗ്ദ്ധ രുടെ  വിശദ വിവരങ്ങൾ, സംവിധായകയുടെ  വിശദമായ ബയോഡാറ്റ, ഉൾപ്പെടെയാണ് നല്കേണ്ടത്.

സിനിമാ നിർമ്മാണം സംബന്ധിച്ച പ്രാരംഭ ചെലവുകൾ  വനിതാ സംവി ധായകർ ലൈൻ പ്രൊഡ്യൂസർ/കോ-പ്രൊഡ്യൂസർ മുഖേന  ചെലവഴിക്കേ ണ്ടതും  ഇങ്ങനെ ചെലവാകുന്ന തുകയ്ക്കുള്ള ബില്ലുകളും, എഗ്രിമെന്റ് കോപ്പികളും യഥാസമയം ബന്ധപ്പെട്ട വനിതാ സംവിധായക ലൈൻ പ്രൊഡ്യൂസർ/കോ-പ്രൊഡ്യൂസർ സാക്ഷ്യപ്പെടുത്തി കെ. എസ്.  എഫ്. ഡി.സി.അക്കൗണ്ട്സ് വിഭാഗത്തിനു നല്കേണ്ടതും അവ സൂക്ഷ്മ പരിശോ

ധനയിൽ അംഗീകരിച്ച തുക - ബന്ധപ്പെട്ടവർക്ക് മടക്കി നല്കുന്നതുമാണ്.

ചിത്രത്തിന്റെ നിർമ്മാണ ഘട്ടത്തിൽ നടീനടന്മാർ, ടെക്നീഷ്യൻസ് എന്നിവരുടെ പേമെന്റുകൾ യഥാസമയം കെ.എസ്.എഫ്.ഡി.സി. നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ മുഖേന നടത്തത്തുന്നതാണ്.

നിർമ്മാതാക്കൾ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗിച്ചുവേണം ചിത്രങ്ങൾ നിർമ്മിക്കേണ്ടത്.

താല്പര്യമുള്ളവർ 20.06.2019ന് 4 മണിക്ക് മുമ്പായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, ചലച്ചിത്രകലാഭവൻ, വഴുതക്കാട്, തിരുവനന്തപുരം- 14 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ 20.06.2019 ന് വൈകുന്നരം 4 മണിക്ക് മുമ്പ് ലഭിക്കേണ്ടതാണ്.

ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ശ്രീ.എം.സുൽഫിക്കർ -മൊബൈൽ നം.9847047204- എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ